ഉത്തരം

(എ) ഇതുസംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ സത്വരാന്വേഷണം പൂർത്തിയായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കാൻ വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) വിവരം ലഭ്യമല്ല.

(ഡി) ഇതുസംബന്ധിച്ച് നിലവിൽ മറ്റ് അന്വേഷണങ്ങൾ ഒന്നും നടക്കുന്നില്ല.

ദേശീയ ഗെയിംസ് നടത്തിപ്പിലെ അഴിമതി

237 (243) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് നടത്തിപ്പിലെ അഴിമതികളെ കുറിച്ച് അന്വേഷണം നടക്കുന്നുണ്ടോ; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ സംഘമാണ് അന്വേഷണം നടത്തുന്നതെന്ന് വിശദമാക്കാമോ ;

(ബി) സ്പോർട്സ് വകുപ്പുമന്ത്രി ശ്രീ .തിരുവഞ്ചൂർ രാധാകൃഷ്ണൻ, അഴിമതി സംബന്ധിച്ച അന്വേഷണം നടത്തിയാൽ കുടുങ്ങുന്ന . ചിലരുണ്ടെന്നും അവരുടെ പേര് പിന്നീട് പറയാമെന്നും പ്രസ്താവിച്ചിട്ടുള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അന്വേഷണ സംഘത്തിന് തനിക്കറിയാവുന്നവരുടെ പേര് മന്ത്രി നല്കിയിട്ടുണ്ടോ; അന്വേഷണ സംഘം മന്ത്രിയെ ചോദ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അഴിമതി നടത്തിയതിനെക്കുറിച്ച് അറിയാവുന്ന മന്ത്രി അക്കാര്യം യഥാസമയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് എത്രത്തോളം കുറ്റകരമാണ്; ഇക്കാര്യത്തിൽ ഒരു മന്ത്രിക്ക് പ്രത്യേക പരിരക്ഷ ഉണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ദേശീയ ഗെയിംസ് നടത്തുന്നതിനായി തൃശ്ശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിലെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതിയുടെ 22-7-2014-ലെ സി.എം.പി.102/2013 നമ്പർ ഉത്തരവ് പ്രകാരം ഒരു സത്വരാന്വേഷണം തൃശ്ശൂർ വിജിലൻസ് & ആന്റികറപ്ഷൻ യൂണിറ്റിൽ നടന്നുവരുന്നു. ശ്രീ. സലീഷ്. എൻ.എസ്., പോലീസ് ഇൻസ്പെക്ടറിന്റെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly